**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 842** **10-08-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി കുടുംബങ്ങൾക്ക് പാർപ്പിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 147868 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. |
| (ബി) | ഇതിൽ സ്വന്തമായി സ്ഥലമില്ലാത്ത കുടുബങ്ങളുടെ എണ്ണം എത്രയാണെന്നും സ്വന്തമായി സ്ഥലമുണ്ടായിട്ടും പാർപ്പിടമില്ലാത്ത കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും വിശദമാക്കുമോ; | (ബി) | സ്വന്തമായി സ്ഥലമില്ലാത്ത 7449 പട്ടികവർഗ്ഗ കുടുംബങ്ങളും, സ്വന്തമായി സ്ഥലമുണ്ടായിട്ടും വീടില്ലാത്ത 7251 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്. |
| (സി) | ഇവർക്ക് സ്ഥലം ഉൾപ്പെടെ പാർപ്പിടം ലഭ്യമാകുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും ആയത് എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ? | (സി) | ഭൂരഹിത ഭവനരഹിതർക്ക് പരമാവധി വേഗത്തിൽ ഭൂമിയും വീടും അനുവദിക്കുന്നതിനുള്ള നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നുണ്ട്.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാന്റ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നിവയിലൂടെ ഭൂമി ലഭ്യമാക്കുകയും ടി ഭൂമിയിൽ ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലാന്റ് ബാങ്ക് പദ്ധതി പ്രകാരം 218 പേർക്ക് 41.12 ഏക്കർ ഭൂമിയും, നിക്ഷിപ്ത വനഭൂമി വിതരണ പദ്ധതി പ്രകാരം 117 പേർക്ക് 52.20 ഏക്കർ ഭൂമിയും വിതരണം ചെയ്യുകയും 144 പേർക്ക് വീട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനാവകാശ നിയമപ്രകാരം 2302 പേർക്ക് 2617.21 ഏക്കർ ഭൂമിക്ക് കൈവശാവകാശ രേഖയും വിതരണം ചെയ്തിട്ടുണ്ട്.<br><br>ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായ കുടുംബങ്ങൾക്ക് ഭൂമിയും വീടും |

| | | | |
|---|---|---|---|
| | | | അനുവദിക്കുക എന്ന പദ്ധതി പ്രകാരം ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയതിൽ 872 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ നാളിതുവരെ 552 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ